LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ

149 [1128] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളനികളിൽ സാംസ്കാരിക പ്രവർത്തനത്തിനുവേണ്ടി പട്ടികജാതി വികസന വകുപ്പ് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാറുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കൂന്ദമംഗലം നിയോജകമണ്ഡലത്തിലെ കാരന്തൂർ, കല്ലറ പട്ടികജാതി കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ കൈക്കൊണ്ട നടപടി വിശദമാക്കാമോ;

(ഇ) ഇവിടെ പ്രസ്തുത ഹാൾ എന്ന് നിർമ്മിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാറില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി ആന്റ് ഇ) കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് തയ്യാറാക്കിയ ഒരു പ്രോജക്ട് 2002-ൽ കണ്ണൂരിൽ വച്ച് കൂടിയ ഡയറക്ടറുടെ യോഗത്തിൽ കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ചെങ്കിലും അത് പരിഗണനയ്ക്ക് എടുത്തിട്ടില്ല. ഇപ്പോൾ കമ്മ്യൂണിറ്റി ഹാളുകളുടെ നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് നടത്തുന്നത് ആകയാൽ എന്ന് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുക പ്രയാസമാണ്.

അവിവാഹിത അമ്മമാരായ ആദിവാസികൾക്ക് സംരക്ഷണം

150 [1129] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി കുടുംബങ്ങളിലെ അവിവാഹിതരായിരിക്കേ അമ്മമാരായ ആദിവാസി പെൺകുട്ടികൾക്ക് സംരക്ഷണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;